Reg. No. : ....................................

Name : ....................................

**FY 508**

# FIRST YEAR HIGHER SECONDARY MODEL EXAMINATION, FEBRUARY 2025

## Part – II

## MALAYALAM

**Maximum : 80 Scores**

Time : 2½ Hours

Cool-off Time : 15 Minutes

---

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിനു പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.

Score

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉചിതമായ രണ്ട് ഉത്തരം തിരഞ്ഞെടുത്തെഴുതുക (2 സ്കോർ വീതം).** (5×2=10)

1. അരുൾ ഇല്ലാത്ത മനുഷ്യനെ ശ്രീനാരായണഗുരു എന്തിനോടെല്ലാമാണ് ഉപമിക്കുന്നത് ?

   - നിഷ്ഫല ഗന്ധ പുഷ്പം
   - ഇമ്പമുള്ള മനസ്
   - മരുവിൽ പ്രവഹിക്കുന്ന അംബു
   - കരുണയുള്ള ഹൃദയം

Score

2. മത്സ്യത്തിന്റെ അതിജീവനശേഷിയെ ഏറ്റവും ഉചിതമായി സൂചിപ്പിക്കുന്ന പ്രയോഗങ്ങൾ എഴുതുക.

- വായ്ത്തലകളെക്കാൾ മത്സ്യത്തിനുള്ള വേഗം
- കടലിന്റെ ഭ്രാന്തുപിടിച്ച രക്തം
- ഉപ്പുവയലുകൾക്ക് ഉണക്കിയെടുക്കാനായില്ല
- മത്സ്യത്തേക്കാൾ കടലിനുള്ള വേഗം

3. സംക്രമണം എന്ന കവിതയിൽ നൂലട്ടപോലെയുള്ള സ്ത്രീ ജീവിതത്തെ എങ്ങനെ പരിവർത്തിപ്പിക്കുവാനാണ് കവി ആഗ്രഹിക്കുന്നത് ?

- നരഭുക്കായ കടുവയെപ്പോലെ
- ഇറയത്തെച്ചിലു തിന്നുന്ന കൊടിച്ചിപ്പട്ടിയെപ്പോലെ
- ഇരവളഞ്ഞു കൊന്നു തിന്നുന്ന ചെന്നായയെപ്പോലെ
- കാമുകിയെപ്പോലെ

4. ഇരുട്ടിലെ മനുഷ്യൻ എന്ന കവിതയിൽ കവി ആരോടൊക്കെയാണ് സംവദിക്കുന്നത് ?

- ജനലിനപ്പുറം പൊലിയുന്ന പകൽ വെളിച്ചത്തോട്
- കവിതാസമാധിയിലുറച്ച മലകളോട്
- വള കിലുക്കിയ സുന്ദരിയോട്
- പ്രേമവേദന പാകി മായുന്ന ഋതുക്കളോട്

Score

5. ലാത്തിയും വെടിയുണ്ടയും എന്ന പാഠഭാഗത്തിലെ ഭാഷാപരമായ പ്രത്യേകതയ്ക്ക് യോജിക്കുന്ന ഉദാഹരണങ്ങൾ എടുത്തെഴുതുക.

- വായും മൂക്കും പൊത്തിപ്പിടിച്ചു വരിഞ്ഞു കെട്ടിയിട്ട പെരുമ്പാമ്പിനെപ്പോലെ വിരസമായ നിരത്ത്.
- വെറുതെ ഞാനെന്തിനെരിയും വെയിലത്ത് കയിലും കുത്തി നടക്കണ്.
- ക്ലോക്ക് ടവറിന്റെ മുകളിൽ ചിരിച്ചു കൊണ്ടിരുന്ന മാലാഖ രക്തകണങ്ങളുതിർത്തു കൊണ്ട് ഒരു വെള്ളിൽപ്പക്ഷി കണക്കെ കറങ്ങിക്കറങ്ങി താഴെ വന്നു വീഴുന്നു.
- പുസ്തകം തിന്നുന്നവൻ പുസ്തകപ്പുഴുവാകാം. പക്ഷെ, മണ്ണു തിന്നുന്നവൻ ഞാഞ്ഞൂളായിത്തിരുന്നു.

6. ജനപ്രിയസിനിമയുടെ പൊതുസ്വഭാവങ്ങളായി ലേഖകൻ ചൂണ്ടിക്കാട്ടുന്നവ ഏതെല്ലാം ?

- സംഭാഷണങ്ങൾക്കു പ്രാധാന്യമില്ല
- ടൈപ്പ് ഇതിവൃത്തങ്ങൾ
- ഭൂരിഭാഗം പ്രേക്ഷകരും ആസ്വദിക്കുന്നില്ല
- വാർപ്പു മാതൃകയിലുള്ള കഥാപാത്രങ്ങൾ

**7 മുതൽ 10 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(3×2=6)**

7. സൂഫിശ്രേഷ്ഠനും ആദ്ധ്യാത്മികഗുരുവുമായിരുന്ന ശൈഖ് മുഹ്‌യുദ്ദീന്റെ അപദാനങ്ങളിൽ രണ്ടെണ്ണം എഴുതുക.

8. വേരുകൾ നഷ്ടപ്പെടുത്തുന്നവർ എന്ന ലേഖനത്തിൽ എൻ. എ. നസീർ പരിചയപ്പെടുത്തുന്ന ഇരിങ്ങോൾക്കാവിന്റെ പ്രത്യേകത എന്താണ് ?

Score

9. പരിമിതികളെ മറികടക്കാനുള്ള ആഗ്രഹമാണോ ജോനാഥനെ വ്യത്യസ്തനാക്കുന്നത് ?
സ്വാഭിപ്രായം എഴുതുക.

10. കൈപ്പാട് എന്ന ആധാര ചിത്രത്തിൽ ഏറ്റവും പ്രസക്തമെന്ന് തോന്നുന്ന രണ്ട് സന്ദർഭങ്ങൾ കണ്ടെത്തി എഴുതുക.

**11 മുതൽ 17 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക (4 സ്കോർ വീതം).** **(6×4=24)**

11. "ഇത്ര കൊള്ളരുതാത്ത ഞാൻ ഇനി ഈ തൊഴിലിൽ ഇരുന്നാൽ നാലാമച്ഛന് അപമാനമേയുള്ളൂ."
– കഥാനായകൻ ഇങ്ങനെ ചിന്തിക്കാനിടയായ സാഹചര്യം എന്തായിരുന്നു ?

12. കേൾക്കുന്നുണ്ടോ എന്ന ഹ്രസ്വചിത്രത്തെ മനോഹരമാക്കുന്നതിൽ അനിമേഷൻ ദൃശ്യങ്ങൾക്ക് എത്രത്തോളം പങ്കുണ്ട് ? കുറിപ്പ് തയ്യാറാക്കുക.

13. വേരുകൾ നഷ്ടപ്പെടുത്തുന്നവർ എന്ന ലേഖനത്തിൽ "വേരുകളിലൂടെ ജീവിതം തിരിച്ചുപിടിച്ച മനുഷ്യൻ" എന്ന വിശേഷണം ആരെ ഉദ്ദേശിച്ചുള്ളതാണ് ? അങ്ങനെ വിശേഷിപ്പിക്കാനുള്ള കാരണം എന്ത് ?

14. ആറ്റിലും തീയിലും വീഴാതെ കണ്ടെന്നെ –
പ്പോറ്റി വളർത്തതു നിങ്ങളല്ലോ,
"ഇങ്ങനെയുള്ള ഞാനെന്നെ മറക്കിലും
നിങ്ങളേയെന്നും മറക്കയില്ലേ." – ഈ വരികൾ കുട്ടികൾക്ക് തങ്ങളുടെ മാതാപിതാക്കളോടുള്ള കർത്തവ്യം മാത്രമല്ല, മാതാപിതാക്കൾക്ക് മക്കളോടുള്ള കടമ കൂടിയാണ് ഓർമ്മിപ്പിക്കുന്നത്. നിങ്ങളുടെ അഭിപ്രായം എഴുതുക.

15. "എന്നെപ്പറ്റി നിനക്കെല്ലാം അറിയാം. ഇനിയും സൗകര്യം പോലെ വായിക്കാവുന്ന ഒരു ലഘുഗ്രന്ഥമാണല്ലോ ഞാൻ." ഈ പ്രസ്താവനയുടെ പൊരുൾ കണ്ടെത്തുക.

Score

16. ലാത്തിയും വെടിയുണ്ടയും എന്ന പാഠഭാഗത്ത് ക്ലോക്ക് ടവറിന് മുകളിലേയ്ക്ക് സ്വാതന്ത്ര്യ പതാകയുമായി കയറുന്ന വീരകുമാരന്റെ രംഗം ഹൃദയ സ്പർശിയായ ഭാഷയിൽ അവതരിപ്പിക്കുക.

17. ചേരുംപടി ചേർക്കുക.

| | | |
|---|---|---|
| 1) | ഇക്കണ്ടക്കുറുപ്പ് | ഓർമ്മയുടെ ഞരമ്പ് |
| 2) | ഹസ്സ | അഗ്നിസാക്ഷി |
| 3) | പത്മാക്ഷി | വാസനാ വികൃതി |
| 4) | ദേവിബഹൻ | കേൾക്കുന്നുണ്ടോ |

**18 മുതൽ 21 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക (6 സ്കോർ വീതം). (3×6=18)**

18. "എല്ലാവരും ഒരേപോലെ കാണാത്തതാണ് കലാകാരൻ തിരഞ്ഞെടുക്കുന്ന സിംബലുകൾ" – പാഠഭാഗത്തു നിന്നും ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടി സമർത്ഥിക്കുക.

19. വൃദ്ധ കുടുംബ ജീവിതത്തിൽ അനുഭവിച്ച അവഗണന, അപമാനം, അസ്വാതന്ത്ര്യം തുടങ്ങിയവ പുതുതലമുറയിലെ പെൺകുട്ടിയും അനുഭവിക്കുന്നുണ്ടോ ? കഥയെ സമകാലിക സമൂഹവുമായി വിശകലനം ചെയ്യുക.

20. കായലരികത്ത് എന്ന് തുടങ്ങുന്ന ചലച്ചിത്രഗാനത്തിൽ തെളിയുന്ന ഭാവം, ബിംബങ്ങൾ, ഈണത്തിന്റെ സവിശേഷത എന്നിവ വിശദീകരിക്കുക.

21. അമ്മയുടെ ഓപ്പറേഷന് വെറും സർജിക്കലായ ഉള്ളടക്കമല്ല ഉള്ളതെന്ന് മകന് തോന്നാനിടയായ സാഹചര്യങ്ങൾ വിവരിക്കുക.

Score

**താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് 22 മുതൽ 24 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക ( 2 സ്കോർ വീതം).** (3×2=6)

സാഹിത്യചരിത്രകാരൻ, പണ്ഡിതൻ, ഗവേഷകൻ, കവി എന്നീ നിലകളിലെല്ലാം പ്രശസ്തനാണ് ഉള്ളൂർ എസ്. പരമേശ്വരയ്യർ. ഉമാകേരളം എന്ന പ്രൗഢ മഹാകാവ്യം കൊണ്ട് അനുവാചക ശ്രദ്ധ പിടിച്ചു പറ്റിയ ഉള്ളൂർ ആ നിലയ്ക്ക് മഹാകവിത്വത്തിനർഹനായി. ആചാര്യ ദണ്ഡിയുടെ മഹാകാവ്യ നിർവചനത്തെ മിക്കവാറും പിന്തുടരുന്ന ഉമാകേരളം ഒരു പണ്ഡിത മഹാകവിക്കു മാത്രം സുസാധ്യമായ രചനയാണ്. കേരള ചരിത്രത്തിലെ ഒരു പ്രത്യേക ദശാസന്ധിയാണ് ഈ മഹാകാവ്യത്തിന്റെ ഇതിവൃത്തം. സങ്കേതനിഷ്ഠമായ ശബ്ദാലങ്കാരങ്ങളും ലക്ഷണയുക്തമായ അർത്ഥാലങ്കാരങ്ങളും നിറഞ്ഞ ഈ കൃതി പ്രൗഢമായ പദരചനയും വിപുലമായ വൃത്ത വൈചിത്ര്യവും കൊണ്ട് നമ്മെ അത്ഭുതപ്പെടുത്തുന്നു. ഉള്ളൂരിന്റെ നിയോക്ലാസിക് ഭാവുകത്വത്തിന്റെ മറ്റൊരു സംഭാവനയാണ് സുജാതോദ്വാഹം ചമ്പു (1906). എന്നാൽ അഭിരുചിയുടെ മാറ്റം തിരിച്ചറിഞ്ഞ ഉള്ളൂർ മെല്ലെ മെല്ലെ ഖണ്ഡകാവ്യങ്ങളിലേക്കും, ലഘുകവിതകളിലേക്കും ഇറങ്ങി വന്നു. ഉള്ളൂരിന്റെ ഖണ്ഡകാവ്യങ്ങളിലേറിയ പങ്കും പ്രഖ്യാതങ്ങളായ പുരാണ കഥകളാണ് പ്രതിപാദിക്കുന്നത്.

പുരാണ കഥകളെ അവയുടെ സഹജമായ അർത്ഥം കൂടുതൽ സ്പഷ്ടമാകുമാറ് വർണിക്കുന്ന കവി അവയ്ക്ക് തന്റേതായ വ്യാഖ്യാനം നൽകുന്നുണ്ടെന്ന് പറഞ്ഞുകൂടാ. കർണ്ണഭൂഷണവും, ഭക്തിദീപികയും, പിംഗളയുമൊക്കെ ശ്രദ്ധേയമാകുന്നത് ഈ നിലയ്ക്കാണ്.

22. ഉമാകേരളം മഹാകാവ്യത്തിന്റെ പ്രത്യേകതകളായി പറയുന്നതെന്തെല്ലാം ?

23. പുരാണകഥകളെ ഇതിവൃത്തമാക്കിയ ഉള്ളൂരിന്റെ മറ്റ് രചനകൾ ഏതെല്ലാം ?

24. ഉള്ളൂർ ഏതെല്ലാം നിലകളിൽ പ്രസിദ്ധനാണ് ?

Score

**25 മുതൽ 27 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക (8 സ്കോർ വീതം).** **(2×8=16)**

25. ഊഞ്ഞാലിൽ എന്ന കവിത ജീവിതത്തെ പ്രത്യാശയോടെ സമീപിക്കാൻ പ്രേരിപ്പിക്കുന്ന ഒരു രചനയാണ്. കവിതയിൽ തെളിയുന്ന ജീവിതദർശനത്തെ വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.

26. സൈക്കിൾ മോഷ്ടാക്കൾ എന്ന സിനിമയിൽ പ്രത്യക്ഷമാകുന്ന സാമൂഹിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് സിനിമയ്ക്ക് ആസ്വാദനം എഴുതുക.

27. പ്രണയത്തിന്റെ ആഹ്ലാദവും ഉന്മേഷവും സന്ദർശനം എന്ന കവിതയിൽ പ്രത്യക്ഷമാകുന്നതെങ്ങനെ ?